

മംഗളവാർത്താക്കാലം
(മൂന്നാം ഞായർ)

എമ്മാവൂസ്
# വചനദൂത്

# സ്നാപകയോഹന്നാന്റെ ജനനം

ബ്ര. ഷൈൻ കൈതയ്ക്കൽ MCBS ലൂക്ക. 1:57–66 (Vol. 9, Issue 31)

രക്ഷാകര ചരിത്രത്തിന്റെ താളുകളിൽ സ്വർണ്ണലിപികളാൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന നാമങ്ങളിലൊന്നാണ് സ്നാപകയോഹന്നാന്റേത്. തന്റെ തിരുക്കുമാരന് ഭൂമിയിൽ അവതരിക്കാൻ ദൈവം മറിയത്തെ തിരഞ്ഞെടുത്തപ്പോൾ അവന്റെ പാതകളെ സുരക്ഷിതമാക്കിയും അവൻ കടന്നുചെല്ലേണ്ട ജനങ്ങളെ അവനായ് വിശുദ്ധീകരിക്കുക്കയും ചെയ്തുകൊണ്ട് അനാദിയിലേയ്ക്കുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമായി തീർന്നവനാണ് സ്നാപകയോഹന്നാൻ. മംഗളവാർത്താ കാലത്തിന്റെ മൂന്നാം ഞായറാഴ്ച്ചയായ ഇന്ന് ലൂക്കായുടെ സുവിശേഷം 1:57-66 വരെയുള്ള വാക്യങ്ങളിലൂടെ സ്നാപകന്റെ ജനനം ഇന്നത്തെ ധ്യാനവിഷയമായി തിരുസഭ നമുക്ക് നൽകുമ്പോൾ തിരുവചനത്തിലൂടെ തമ്പുരാൻ എന്താണ് ഈ നോമ്പുകാലത്ത് നമ്മോട് പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നതെന്ന് നോക്കാം.

വിശുദ്ധ ഗ്രന്ഥത്തിൽ നാം ഇങ്ങനെ വായിക്കുന്നു; "കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും. യൗവ്വനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കൈകളിലെ അസ്ത്രം പോലെയാണ്. അവകൊണ്ട് ആവനാഴി നിറയ്ക്കുന്നവൻ ഭാഗ്യവാൻ - നഗരകവാടത്തിൽ വച്ച് ശത്രുക്കളെ നേരിടേണ്ടിവരുമ്പോൾ അവന് ലജ്ജിക്കേണ്ടി വരികയില്ല". ദാമ്പത്യജീവിതം അതിന്റെ എല്ലാ അർത്ഥത്തിലും പൂർണ്ണതയിലെത്തുന്നത് ദമ്പതികൾക്കിടയിൽ മക്കൾ കടന്നുവരുന്നതോടു കൂടിയാണ്. വിവാഹശേഷം മക്കളെ സ്വപ്നം കാണാത്ത-അവർക്കായി ആത്മാർത്ഥമായി ആഗ്രഹിക്കാത്ത ദമ്പതിമാർ ആരും തന്നെ കാണില്ല. കുഞ്ഞുങ്ങളെ സ്വപ്നം കണ്ട് അവർ ജീവിതത്തിലേയ്ക്ക് കടന്നുവരുമ്പോൾ, ഞാനാണ് ഈ ലോകത്തിലേയ്ക്ക് ഏറ്റവും ഭാഗ്യവാൻ/ഭാഗ്യവതി എന്ന അനുഭവത്തിലൂടെ കടന്നുപോയിട്ടുള്ളവരാണ് നമ്മിൽ പലരും.

എന്നാൽ ഇന്നത്തെ സുവിശേഷഭാഗം നമുക്ക് മുന്നിൽ തുറന്നു വയ്ക്കുന്നത് ദാമ്പത്യത്തിന്റെ വസന്തകാലത്ത് ഏറെ ആഗ്രഹിച്ച ഒരു കുഞ്ഞിനെ, വാർദ്ധക്യത്തിന്റെ കഷ്ടതകൾക്ക് നടുവിൽ സ്വന്തമാക്കേണ്ടി വന്ന ഒരു കുടുംബത്തെയാണ്. ഏറെ പ്രതീക്ഷയോടെ ആരംഭിച്ച കുടുംബജീവിതത്തിൽ ആഗ്രഹിച്ച നേരത്ത് ലഭിച്ചില്ലെങ്കിൽ തന്നെയും പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ഫലമെന്നോണ്ണം ദൈവം നൽകിയ കുഞ്ഞിനെ ഇരുകൈകളും നീട്ടി സന്തോഷത്തോടെ സ്വീകരിക്കുന്ന സഖറിയ-എലിസബത്ത് ദമ്പതികൾ.

വിവാഹശേഷം മക്കൾക്കായി ഏറെ ആഗ്രഹത്തോടെ പ്രാർത്ഥിക്കുകയും വൈകിയാണെങ്കിലും ദൈവം നൽകിയ കുഞ്ഞുങ്ങളെ നിറഞ്ഞ മനസ്സോടെ സ്വീകരിക്കുകയും ചെയ്ത ദമ്പതിമാരെ ഇന്നത്തെ സുവിശേ

ഷത്തിൽ മാത്രമല്ല പഴനിയമ പുസ്തകത്തിന്റെ താളുകളിലും നമുക്ക് കാണുവാൻ സാധിക്കും. തങ്ങളുടെ വാർദ്ധക്യത്തിന്റെ നിറവിൽ ദൈവം തന്ന മകനെ സ്വീകരിച്ച പൂർവ്വപിതാവായ അബ്രാഹാവും ഭാര്യ സാറായും, സാംസണിന്റെ മാതാപിതാക്കളായ മനോറയും ഭാര്യയും, ദേവാലയാങ്കണത്തിൽ മിഴിനീരോടെ പ്രാർത്ഥിച്ച് സാമുവേലിനെ സ്വന്തമാക്കിയ എൽക്കാനയും ഭാര്യ ഹന്നായുമെല്ലാം ഏറെ വൈകിയാണെങ്കിലും പ്രാർത്ഥിച്ച്, കാത്തിരുന്ന്, ദൈവം നൽകിയ മക്കളെ സന്തോഷത്തോടെ സ്വീകരിച്ച പഴയനിയമത്തിലെ വ്യക്തിത്വങ്ങളാണ്.

വന്ധ്യതയെ ദൈവശാപമായി കണ്ടിരുന്ന ഒരു ജനതയ്ക്ക് നടുവിൽ സഖറിയ-എലിസബത്ത് ദമ്പതികൾ ഏറ്റെടുക്കേണ്ടി വന്ന വേദനയും അപമാനവും നാം ചിന്തിക്കുന്നതിലും എത്രയോ അധികമാണ്. കാലത്തിനൊപ്പം മനുഷ്യനും മനുഷ്യനൊപ്പം അവന്റെ ചിന്താരീതികളും മാറിമറിഞ്ഞ് ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെത്തി നിൽക്കുമ്പോൾ ഒരുനാൾ ദൈവശാപമായി കണ്ടിരുന്ന വന്ധ്യത ഇന്ന് ദൈവാനുഗ്രഹമായി കാണുന്ന പലരെയും നമുക്ക് കാണുവാൻ സാധിക്കും. മക്കളില്ലാത്തതിന്റെ പേരിൽ ദുഃഖിക്കുന്ന-സങ്കടപ്പെടുന്ന ദമ്പതികൾ ഇന്ന് വളരെ വിരളം. ഒപ്പം മക്കൾക്ക് ജന്മം കൊടുക്കുവാൻ കഴിവും ആരോഗ്യവും നൽകപ്പെട്ടിട്ടും മക്കൾ വേണ്ട എന്ന് ചിന്തിക്കുന്ന - ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന് തടസ്സം നിൽക്കുന്ന ദമ്പതിമാരുടെ എണ്ണവും എത്രയോ അധികമാണ് എന്ന സത്യവും നമുക്ക് മറക്കാതിരിക്കാം.

ഒരുവശത്ത് പ്രാർത്ഥനും പ്രദിക്ഷിണവുമായി അനേകർ, സഖറിയ-എലിസബത്ത് ദമ്പതിമാരെ പോലെ മക്കൾക്കായി കാത്തിരിക്കുമ്പോൾ മറുവശത്ത് ലഭിച്ചിട്ടും സ്വീകരിക്കാൻ മടി കാണിക്കുന്ന അനേകർ. വിവാഹം കഴിഞ്ഞ് ആറ് മാസമേ ആയുള്ളൂ എന്ന് പറഞ്ഞ് കുഞ്ഞുങ്ങളെ അബോർട്ട് ചെയ്യുന്നവരും, പണത്തിനും പ്രശസ്തിക്കും പിറകെ പോകുമ്പോൾ കുഞ്ഞുങ്ങൾ അവർക്കൊരു ഭാരമാണെന്ന് കരുതി വേണ്ടെന്ന് വയ്ക്കുന്നവരും, കുഞ്ഞുങ്ങളെ പ്രസവിക്കുന്നത് വഴി / മുലയൂട്ടുന്നത് വഴി തന്റെ സൗന്ദര്യം നഷ്ടപ്പെടുമെന്ന് വിചാരിച്ച് ഗർഭം ധരിക്കാൻ വിസമ്മതിക്കുന്ന സ്ത്രീകളും, ഭാവിയിലുണ്ടായേക്കാവുന്ന നഷ്ടം മുന്നിൽ കണ്ടുകൊണ്ട് മക്കൾ വേണ്ടായെന്ന് ചിന്തിക്കുന്ന പുരുഷന്മാരും ഒന്ന് ചിന്തിക്കുക: വർഷങ്ങൾക്ക് മുമ്പ് നിങ്ങളുടെ മാതാപിതാക്കൾ ഇപ്രകാരം ചിന്തിച്ചിരുന്നുവെങ്കിൽ ഇന്ന് നാമൊക്കെ ഉണ്ടാകുമായിരുന്നോ? തന്റെ സൗന്ദര്യം/പണം /ഭാവി ഇവയൊക്കെ മാത്രമായിരുന്നു അവരുടെ ചിന്തയെങ്കിൽ ഇക്കാണുന്ന സൗന്ദര്യമുഖങ്ങളൊന്നും നാം കാണുമായിരുന്നില്ല.

എത്ര വൃത്തിയുള്ളതാണെങ്കിലും ഒരു പൂന്തോട്ടം മനോഹരമായിത്തീരുന്നത് അതിൽ പൂക്കൾ വിരിയുമ്പോഴാണ്. ഇപ്രകാരം ഒരു കുടുംബം അതിന്റെ എല്ലാ അർത്ഥത്തിലും കുടുംബമായി മാറുന്നത് മക്കളുടെ സാന്നിധ്യത്തിലാണ്.

നാളുകൾക്ക് മുമ്പ് ഒരു വൈദികൻ പങ്കുവച്ച അനുഭവം ഓർക്കുന്നു. മക്കളില്ലാത്തതിന്റെ വിഷമം പങ്കുവയ്ക്കാനാണ് ആ ദമ്പതികൾ അച്ചനെ സമീപിച്ചത്. അവരെ ആശ്വസിപ്പിക്കാൻ വേണ്ടി അച്ചൻ പറഞ്ഞു: നോമ്പ് നോറ്റ് പ്രാർത്ഥിക്ക്. ദൈവം നിങ്ങൾക്ക് മക്കളെ നൽകി അനുഗ്രഹിക്കും. ഇത് കേട്ട് ഭർത്താവ് പറഞ്ഞു: അച്ചാ, ഞങ്ങൾക്ക് മക്കളുണ്ടാവില്ലെന്ന് വൈദ്യശാസ്ത്രം വിധിയെഴുതി കഴിഞ്ഞു. എന്നിട്ടും മൂന്ന് നോമ്പ് തുടങ്ങി അമ്പത് നോമ്പ് വരെ എല്ലാ നോമ്പും നോക്കുന്നവരാണ് ഞങ്ങൾ. വർഷത്തിൽ രണ്ട് തവണയെങ്കിലും മലയാറ്റൂർ മല ചവിട്ടും. മുട്ടിന്മേൽ നിന്ന് ജപമാല ചൊല്ലാത്ത ദിവസങ്ങളില്ല. കുഞ്ഞുങ്ങൾ ഉണ്ടാവില്ല എന്നറിഞ്ഞിട്ടും ഞങ്ങൾ ഇതെല്ലാം ചെയ്യുന്നതിന് കാരണം ദൈവം എന്നെങ്കിലും ഞങ്ങളുടെ ജീവിതത്തിൽ ഒരു കുഞ്ഞിനെ നൽകാൻ തീരുമാനിക്കുമ്പോൾ ഞങ്ങൾ ഒരുങ്ങിയിട്ടില്ല എന്ന കാരണത്താൽ ദൈവം ആ കുഞ്ഞിനെ ഞങ്ങൾക്ക് നിഷേധിക്കരുത് എന്നത് കൊണ്ടാണ്.

പ്രിയമുള്ളവരെ, ജനിക്കാനിരിക്കുന്ന കുഞ്ഞും ജനിച്ച കുഞ്ഞും തമ്മിൽ പ്രായത്തിൽ മാത്രേമേ വ്യത്യാസമുള്ളൂ; പ്രാണനിൽ ഇല്ല. ആയിരക്കണക്കിന് കുഞ്ഞുങ്ങളാണ് ഒരോ ദിവസവും അമ്മമാരുടെ ഉദരത്തിൽ വച്ച് അബോർട്ട് ചെയ്യപ്പെടുന്നത്. ജനിച്ച ശേഷം വഴിയരികിലും കടത്തിണ്ണയിലും ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ എണ്ണവും കുറവല്ല. സങ്കീർത്തകൻ പറയുന്നത് പോലെ, മക്കൾ ദൈവത്തിന്റെ ദാനവും ഉദരഫലം അവിടുത്തെ അനുഗ്രഹവും ആണെന്ന ബോധ്യം ഇല്ലാത്തത് കൊണ്ടല്ലേ നാമെല്ലാം ഇപ്രകാരം പ്രവർത്തിക്കുന്നത്.

ഇന്നത്തെ തിരുവചനത്തിന്റെ ധ്യാനചിന്താവെളിച്ചത്തിൽ ഈ ദിവ്യബലി മധ്യേ നമുക്ക് ഒരു തീരുമാനമെടുക്കാം. അനേകർ മക്കളില്ലാതെ വേദനയോടെ ജീവിക്കുമ്പോൾ എന്റെ ജീവിതത്തിൽ ദൈവം തരുന്ന ഈ വലിയ സമ്മാനത്തെ എന്റെ സ്വാർത്ഥ താൽപര്യങ്ങളുടെ പേരിൽ ഒരു കാരണവശാലും ഞാൻ വേണ്ടാന്ന് വയ്ക്കില്ലായെന്ന്. ഒപ്പം നമുക്ക് പ്രാർത്ഥിക്കാം, മക്കളില്ലാതെ വേദനിക്കുന്ന ദമ്പതികളുടെ ജീവിതത്തിലേയ്ക്ക് അങ്ങ് കടന്നുചെന്ന്, സഖറിയ-എലിസബത്ത് ദമ്പതികളുടെ ജീവിതത്തിലെന്ന പോലെ അവർക്ക് മക്കളെ നൽകി അനുഗ്രഹിക്കണമേയെന്ന്. അങ്ങനെ അവരുടെ ദാമ്പത്യജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിക്കുവാൻ അവരെ അനുഗ്രഹിക്കണമേ എന്ന്.

ആമേൻ.